വിദേശമദ്യ വിൽപ്പന

111 (115) ശ്രീ. കെ. വി. വിജയദാസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) 2014-15 വർഷത്തെ വിദേശമദ്യവിൽപ്പനയുടെ വിശദവിവരങ്ങൾ നൽകുമോ ;

(ബി) ബാറുകൾ നിർത്തലാക്കിയശേഷം വിദേശമദ്യവിൽപ്പന കൂട്ടുകയോ കുറയുകയോ ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷമുള്ള വിദേശമദ്യവിൽപ്പനയുടെ വർഷം തിരിച്ചുള്ള വിശദവിവരം നൽകുമോ ?

ഉത്തരം

(എ) 2014-15 വർഷത്തെ വിദേശമദ്യവിൽപ്പനയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു:

വർഷം 2014-15

മാസം	(രൂപ കോടിയിൽ)
ഏപ്രിൽ	821.74
മെയ്	828.18
ജൂൺ	690.54
ജൂലൈ	667.60
ആഗസ്റ്റ്	750.99
സെപ്റ്റംബർ	819.14
ഒക്ടോബർ	800.19
നവംബർ	723.72
ഡിസംബർ	814.30
ജനുവരി	825.37
ഫെബ്രുവരി	781.29
മാർച്ച്	842.91
മൊത്തം	9365.98

LIBRARY ARCHIVES Kerala Legislative Assembly

(ബി) ബാറുകൾ നിർത്തലാക്കിയശേഷം ബിവറേജസ് ഔട്ട്ലെറ്റുകൾ വഴിയുള്ള വിദേശമദ്യത്തിന്റെ വിൽപ്പന വർദ്ധിച്ചിട്ടുണ്ടെങ്കിലും വെയർഹൗസുകൾ വഴിയുള്ള വിദേശമദ്യത്തിന്റെ വിൽപ്പനയുടെ അളവിൽ കുറവ് വന്നിട്ടുണ്ട്. 2013-14 വർഷത്തെ അപേക്ഷിച്ച് 2014-15 -ൽ മദ്യ വിൽപ്പനയിൽ 8% കുറവ് വന്നിട്ടുണ്ട്.

(സി) വിവരം ശേഖരിച്ചുവരുന്നു.

വിദേശമദ്യ വിൽപ്പന

112(116) ശ്രീ. എം ചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) ബാറുകൾ നിർത്തലാക്കിയതിനുശേഷം ബിവറേജസ് ഔട്ട് ലെറ്റുകളിലെ വിദേശമദ്യത്തിന്റെ വിൽപ്പന വർദ്ധിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വർദ്ധനവ് എത്ര ;

(ബി) ബാറുകൾ നിർത്തലാക്കുന്നതിന് മുൻപ് ഒരു മാസം എത്ര രൂപയുടെ വിൽപ്പനയാണ് നടന്നിരുന്നത് ; ഇപ്പോൾ ഒരു മാസം എത്ര രൂപയുടെ വിൽപ്പനയാണ് നടക്കുന്നത് ?

ഉത്തരം

(എ) ബാറുകൾ നിർത്തലാക്കിയതിനുശേഷം ബിവറേജസ് ഔട്ട്ലെറ്റുകളിലെ വിദേശമദ്യത്തിന്റെ വിൽപ്പന വർദ്ധിച്ചിട്ടുണ്ടെങ്കിലും വെയർഹൗസുകൾവഴിയുള്ള വിദേശമദ്യത്തിന്റെ വിൽപ്പനയുടെ അളവിൽ കുറവ് വന്നിട്ടുണ്ട്. ചില്ലറ വിൽപ്പന ശാലകളിലെ 2014-15-ലെ മാസ വിൽപ്പന 2013-14-ലെ വിൽപ്പനയുമായി താരതമ്യം ചെയ്യ വർദ്ധന ശതമാനം അനുബന്ധം ആയി വയ്ക്കുന്നു.* 2013-14 വർഷത്തെ അപേക്ഷിച്ച് 2014-15-ൽ മദ്യവിൽപ്പനയിൽ 8 ശതമാനത്തിന്റെ കുറവ് ഉണ്ടായിട്ടുണ്ട്.

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ ഒരു മാസത്തെ ശരാശരി വിൽപ്പന 660.25 കോടി രൂപയും ബാറുകൾ നിർത്തലാക്കിയതിനുശേഷം 2015 ഏപ്രിൽ മാസം 992.90 കോടി രൂപയുടെയും മെയ് മാസത്തിൽ 1006.15 കോടി രൂപയുടെയും വിൽപ്പന നടന്നിട്ടുണ്ട്.

ഡിസ്റ്റിലറികൾ ഉൽപ്പാദിപ്പിച്ച മദ്യത്തിന്റെ അളവും നടത്തിയ വിൽപ്പനയും

113 (117) ശ്രീ. എം. എ. ബേബി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവൃത്തിക്കുന്ന ഡിസ്റ്റിലറികൾ ഓരോന്നും കഴിഞ്ഞ അഞ്ച് സാമ്പത്തിക വർഷങ്ങളിൽ ഉൽപ്പാദിപ്പിച്ച മദ്യത്തിന്റെ അളവും നടത്തിയ വിൽപ്പനയുടെ മൊത്തവിലയും തിരിച്ച് വിശദമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly